കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കുന്ന മാതൃകാ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലും, നഗരസഭാതലത്തിലുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ട്രീം ലൈനിംഗ്) വകുപ്പ്

സ.ഉ. (സാധാ) നം. 3500/2016/ധന.

തിരുവനന്തപുരം, തീയതി 05.04.2016

പരാമർശം - 1. സ.ഉ. (സാധാ) നം. 8409/2014/ധന. തീയതി 07.11.2014

2. സ.ഉ. (സാധാ) നം. 9364/2015/ധന തീയതി 27.10..2015

3. 25.08.2015 ലെ ഐ.സി.ഡി.എസ്/7-എ-8-5410(2)/15 നമ്പറായുള്ള സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കത്ത്

ഉത്തരവ്

സംസ്ഥാനത്തെ 140 നിയമസഭാ നിയോജകമണ്ഡലങ്ങളിലും ഓരോ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തുക വിനിയോഗിക്കുന്നതിനായി ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി 30.09.2015 വരെ ദീർഘിപ്പിക്കുന്നതിനും, നഗരസഭ പരിധിയിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ 30.09.2015 വരെ കാലാവധിയുള്ള പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനും പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ അക്കൗണ്ടുകളുടെ കാലാവധി 31.03.2016 വരെ പരാമർശം 2 പ്രകാരം ദീർഘിപ്പിച്ചുനൽകിയിരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ 31.03.2016 നകം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ അക്കൗണ്ടുകളുടെ കാലാവധി 30.09.2016 വരെ വീണ്ടും ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 3 ലെ കത്തുപ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മാതൃകാ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് തുക വിനിയോഗിക്കുന്നതിനായി ജില്ലാതലത്തിലും നഗരസഭാതലത്തിലുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച അക്കൗണ്ടുകളുടെ കാലാവധി 30.09.2016 വരെ ദീർഘിപ്പിക്കാനും 30.09.2016 ൽ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സുരേഷ് കുമാർ കെ.ബി.

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്. എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സാമൂഹ്യ നീതി (ബി) വകുപ്പ് ( file No.10945/B1/15/SJD)

ധനകാര്യ (വെൽഫയർ വകുപ്പ്)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Attention to All EE's of DP's and Heads of E.W of all Municipalities & Corporations.**

This order is published in website for information And further necessary action

**Chief Engineer**